ഫലമായി വ്യാജമദ്യം ഉപയോഗിച്ചുകൊണ്ടിരുന്നവർ കൂടി കെ.എസ്.ബി.സി-യുടെ വിദേശമദ്യ ചില്ലറ മദ്യശാലകൾവഴി മദ്യം വാങ്ങി ഉപയോഗിക്കുന്നുണ്ട്. മദ്യപാനികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടോയെന്നു പരിശോധിച്ചിട്ടില്ല.

(സി) ഇല്ല.

ആധുനിക രീതിയിലുള്ള കള്ളുഷാപ്പുകൾ

83 (5488) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.ടി.ഡി.സി. ഹോട്ടലുകളിൽ ഇപ്പോൾ നടത്തുന്ന ബിയർ പാർലറുകൾ പോലെ ഹോട്ടലിനോടനുബന്ധമായി ആധുനിക രീതിയിലുള്ള കള്ളുഷാപ്പുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ അതിനെ കുറിച്ച് ആലോചിക്കുമോ ?

ഉത്തരം

കള്ള് വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ലാ തലത്തിൽ, റ്റോഡി പാർലറുകൾ ആരംഭിക്കുവാൻ 2010-2011 വർഷത്തെ അബ്കാരി നയത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ലഹരി മോചന കേന്ദ്രങ്ങൾ

84 (5489) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ;

(സി) ലഹരി വിമോചനത്തിനായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് വകുപ്പ് സംഘടിപ്പിച്ചു വരുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ലഹരിമോചന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly